**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1075** **02-02-2026 - ൽ മറുപടിയ്ക്ക്**

**മുട്ടിക്കൽ ആറ്റത്തറ ആർ സി ബിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് പദ്ധതി പ്രവർത്തനം നടത്തുന്ന കുന്നംകുളം മണ്ഡലത്തിലെ മുട്ടിക്കൽ ആറ്റത്തറ റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ? | (എ) | **വടക്കാഞ്ചേരി പുഴയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടി സർക്കാർ ₹11.90 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളിലൊന്നാണ് തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ മുട്ടിക്കലിൽ സംസ്ഥാന പാത 50-നെയും കോട്ടപ്പുറം വില്ലേജിലെ മുട്ടിക്കൽ - അട്ടത്തറ റോഡിനെയും ബന്ധിപ്പിച്ച് വടക്കാഞ്ചേരി പുഴയ്ക്ക് കുറുകെയുള്ള റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം. കിഫ്ബി ധനസഹായം ലഭിക്കുന്നതിനായി പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) കിഫ്ബിയിൽ സമർപ്പിക്കുകയും 22.09.2025-ലെ കിഫ്ബി ഉത്തരവ് നമ്പർ WRD022-27/APR-5/2025/KIIFB പ്രകാരം ₹5.30 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത പദ്ധതിയ്ക്ക് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ₹5.30 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി. പദ്ധതി 04.11.2025-ന് ടെൻഡർ ചെയ്യുകയും അഞ്ച് കരാറുകാർ പ്രസ്തുത ടെൻഡറിൽ പങ്കെടുക്കുകയും ചെയ്തു. തെരഞ്ഞെടുത്ത കരാറുകാരനുമായി കരാർ നടപ്പിലാക്കുന്നതിന് മുന്നോടിയായിട്ടുള്ള കിഫ്ബിയുടെ മാനദണ്ഡ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കരാർ നടപ്പിലാക്കി പദ്ധതി പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ